**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം762 03.12.2014-ൽ മറുപടിക്ക്**

## പൊന്നാനി താലൂക്ക് ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡോക്ടർമാരുടെ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കു ന്നത്; ഓരോ തസ്തികയും എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; | (എ) ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) 2010 ജൂൺ മുതലും, ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജിസ്റ്റ്) 2012 മെയ് മുതലും, ജൂനിയർ കൺസൾട്ടന്റ് (സർജൻ) 2010 ജൂൺ മുതലും കൺസൾട്ടന്റ് (ഫിസിഷ്യൻ) 2010 മാർച്ച് മുതലും ഒഴിഞ്ഞുകിടക്കുന്നു. |
| (ബി) പ്രസ്തുത ആശുപത്രിയിലേയ്ക്ക് അനുവദിച്ച ഡോക്ടർമാരുടെ തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി)<br>1. സൂപ്രണ്ട്<br>2. കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)<br>3. കൺസൾട്ടന്റ് (പീഡിയാട്രിക്സ്)<br>4. കൺസൾട്ടന്റ് (ഒ&ജി)<br>5. ജൂനിയർ കൺസൾട്ടന്റ് (ഒ&ജി)<br>6. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 3<br>7. ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി)<br>8. ജൂനിയർ കൺസൾട്ടന്റ് (ഡർമറ്റോളജി)<br>9. ജൂനിയർ കൺസൾട്ടന്റ് (സർജറി)<br>10. ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി)<br>11. ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്)<br>12. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)<br>13. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4<br>14. ഡെന്റൽ അസിസ്റ്റന്റ് സർജൻ |
| (സി) പൊന്നാനി നഗരസഭ യിലെയും അയൽ ഗ്രാമ പഞ്ചായത്തുകളിലെയും ഒന്നര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഏക ആശ്രയമായ പ്രസ്തുത ആശുപത്രിയിൽ മതിയായ ഡോക്ടർമാരില്ലാതെ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താലൂക്കാശുപത്രിക്ക് വേണ്ട സ്റ്റാഫ് പാറ്റേൺ ഇതുവരെ പൂർണ്ണമായിട്ടില്ല. |
| (ഡി) എങ്കിൽ അടിയന്തിരമായി ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളു ടെയും ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ